**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടനിർമ്മാണത്തിനായി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് പെർമിറ്റ് നൽകിയത് - വിജിലൻസ് അന്വേഷണ റിപ്പോർട്ട്- ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാറിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2373/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.11.2017-ലെ E13-16479/17/NRK നമ്പർ കത്ത്
2. വിജിലൻസ്(ഡി)വകുപ്പിന്റെ 08.01.2018-ലെ VIG-D2/281/2017-VIG നമ്പർ കത്ത്.
3. 01.01.2019-ലെ 06/EW2/2018-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാർ 06.03.2019 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. ത.സ്വ.ഭ.വ. ചീഫ്എഞ്ചിനീയറുടെ 23.01.2019-ലെ ഇ10-4557/ 2017/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
6. ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 22.05.2019-ലെ ഇ12-4557/2018/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
7. 18.09.2019-ലെ സ.ഉ.(സാധാ)നം.2008/2019/LSGD
8. 18.11.2019-ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്
9. 10.02.2022-ലെ LSGD-EW2/6/2018-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
10. ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാർ 19.05.2022 തീയതിയായി സമർപ്പിച്ച മറുപടി
11. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.10.2023-ലെ LSGD/PD/15693/2023-VIGD4 നമ്പർ കത്ത്.
12. കേരളപബ്ളിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 18.03.2025-ലെ A1-2/5/2024-KPSC നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ചാത്തോത്തുമുക്ക് എന്ന സ്ഥലത്ത് തണ്ണീർത്തടം മണ്ണിട്ടു നികത്തി അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റിന്റെ അന്വേഷണറിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഒളവണ്ണ വില്ലേജിലെ സർവ്വേ നം.157/2-ൽ ഉൾപ്പെട്ട 21 സെന്റ് സ്ഥലത്ത് ഒരുനില വാണിജ്യ കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായി വിജിലൻസ് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. കൃഷി ഓഫീസിൽ വിജിലൻസ് സംഘം നടത്തിയ പരിശോധനയിൽ ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായും തുടർന്ന് ഒളവണ്ണ വില്ലേജിൽ നടത്തിയ പരിശോധനയിൽ അടങ്കൽ രജിസ്റ്റർ പ്രകാരം ടി സ്ഥലം നിലമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് ഫയൽ BL-738/13-14 പരിശോധിച്ചതിൽ, ഓവർസിയർ ശ്രീ. ടി. പി. മനോജ്കുമാർ (PEN-672435), ടി സ്ഥലം തോട്ടമാണെന്നും ബിൽഡിംഗ് പെർമിറ്റ് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും എന്നാൽ, ടി ഫയലിലുള്ള ഒളവണ്ണ വില്ലേജ്ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലമാണെന്ന് വ്യക്തമാക്കിയിട്ടുള്ളത് മറച്ചുവെച്ചാണ് ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും വിജിലൻസ് കണ്ടെത്തുകയുണ്ടായി.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാറിനെ അടിയന്തരമായി സ്ഥലംമാറ്റുന്നതിനും ടിയാനെതിരെ വകുപ്പുതലനടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശം (3) കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകുകയുമുണ്ടായി. ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാറിനെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട് എന്ന് പരാമർശം (5) പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

3. ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, ഓവർസിയർ എന്ന നിലയിൽ താൻ പെർമിറ്റ് നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനല്ലെന്നും സെക്രട്ടറി നിർദ്ദേശിച്ചപ്രകാരം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും സ്ഥലപരിശോധനയിൽ കണ്ടെത്തിയ മുഴുവൻ വിവരങ്ങളും യഥാവിധി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും വില്ലേജ്ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം തന്നെയുള്ളതിനാൽ പ്രത്യേകം പരാമർശിച്ചില്ല എന്നും ബോധിപ്പിച്ചു. സ്ഥലപരിശോധന റിപ്പോർട്ട് നൽകി എന്നതിൽ കവിഞ്ഞ് പെർമിറ്റ് നൽകുന്നതിന് ശിപാർശ ചെയ്തിട്ടില്ലായെന്നും പരാമർശ കെട്ടിടം 91 ച.മീ താഴെ വിസ്തീർണ്ണം വരുന്ന ചെറിയ കെട്ടിടമാണെന്നും ബഹു. ഹൈക്കോടതിയുടെ 15/06/2012-ലെ WP(C)89/93/2012-ന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലും വലിയ തെങ്ങുകളും മറ്റു മരങ്ങളുമുള്ളതും മുമ്പുതന്നെ പറമ്പായി മാറിയിട്ടുള്ളതുമായ സ്ഥലമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിലും സെക്രട്ടറിയിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ചാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ടിയാൾ ബോധിപ്പിച്ചിട്ടുണ്ട്.

**4.** ചീഫ് എൻജിനീയർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഭൂമിയുടെ തരം നിലമാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഫയലിലുണ്ടായിരുന്നിട്ടും സ്ഥലത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് റിപ്പോർട്ട് നൽകേണ്ടത് ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാറിന്റെ ജോലിയുടെ ഭാഗമല്ല എന്നിരിക്കെ ടിയാൾ റിപ്പോർട്ട് നൽകിയതായി കാണുന്നുവെന്നും ഇത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായതിനാൽ ആയതിന് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

**5.** തുടർന്ന് ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുകയുണ്ടായി. പരാമർശം (8) പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, കൈവശാവകാശ രേഖപ്രകാരം നിലമായ സ്ഥലത്ത് 90.80 ച.മീ വിസ്തീർണ്ണത്തിലുള്ള ടെയിലറിംഗ് ഷെഡ് നിർമ്മാണത്തിന് അനുമതിക്കായി സമർപ്പിച്ച അപേക്ഷ, നിലം എന്ന കാരണത്താൽ നിരസിച്ച് നൽകേണ്ടതിനുപകരം ടി അപേക്ഷ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിനായി എൽ.എസ്.ജി.ഡി-യിലേക്ക് അയക്കുകയും തുടർന്ന് ഓവർസിയർ സ്ഥലപരിശോധന നടത്തി നിലവിലുള്ള ഭൂമിയുടെ തരവും തെങ്ങുകളുടെ പ്രായവും ഉൾപ്പടെ റിപ്പോർട്ട് ചെയ്യുകയും അതിനുശേഷം പഞ്ചായത്ത് സെക്രട്ടറി existing ground reality-യും സമാനരീതിയിലുള്ള ഒരു വിഷയത്തിലെ കോടതി ഉത്തരവും ഉദ്ധരിച്ച് നിർമ്മാണാനുമതി നൽകുകയുമാണുണ്ടായിട്ടുള്ളത് എന്നും പരാമർശിച്ചിരിക്കുന്നു. ഓവർസിയറുടെ റിപ്പോർട്ടിൽ കെട്ടിടനിർമ്മാണാനുമതി നൽകുന്നതിന് ശിപാർശ ചെയ്തതായി പറയുന്നില്ലെന്നും മേൽസാഹചര്യത്തിൽ, ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിച്ചത് എന്ന് കരുതുവാൻ കഴിയുന്നില്ല എന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ അറിയിച്ചിരിക്കുന്നു.

**6.** തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഓവർസീയർ ശ്രീ. ടി.പി. മനോജ്കുമാറിനെ 12.02.2020-ൽ ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിലെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ അണ്ടർസെക്രട്ടറി നേരിൽകേൾക്കുകയുണ്ടായി. ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

i. നേരിൽകേട്ട വേളയിലും ശ്രീ. മനോജ് കുമാർ പ്രതിവാദപത്രികയിലെ വാദങ്ങൾ ആവർത്തിച്ചിരുന്നു. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണപത്രിക, പ്രതിവാദപത്രിക, ചീഫ് എഞ്ചിനിയറുടെ അഭിപ്രായം, ഔപചാരികഅന്വേഷണറിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ, മൂന്നാം ഗ്രേഡ് ഓവർസിയറിൽ ആരോപിച്ചിട്ടുള്ള കുറ്റം നിലനിൽക്കുന്നതായാണ് ബോദ്ധ്യമാവുന്നത്. കുറ്റാരോപിതൻ നൽകിയ റിപ്പോർട്ടിൽ, നിർമ്മാണം "KPBR-ന് വിധേയമാണ്" എന്നും "15 വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ ഉള്ള പറമ്പായ സ്ഥലമാണ്" എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലത്തിന്റെ സ്വഭാവം നിശ്ചയിക്കുന്നത് വില്ലേജ്/റവന്യൂ അധികൃതരാണെന്നും അതനുസരിച്ച് വില്ലേജ്ഓഫീസർ നൽകിയ സാക്ഷ്യപത്രത്തിൽ ടി സ്ഥലം നിലമാണെന്നും അറിഞ്ഞുകൊണ്ട് തന്നെയാണ് ഓവർസീയർ ശ്രീ. മനോജ് കുമാർ തന്റെ

അധികാരപരിധികടന്ന് ഇങ്ങനെയൊരു റിപ്പോർട്ട് സമർപ്പിച്ചത്. (സ്ഥലത്തിന്റെ സ്വഭാവം സംബന്ധിച്ച് റിപ്പോർട്ട് ചെയ്തത് സെക്രട്ടറിയുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരമാണ് എന്ന് ടിയാൻ പ്രസ്താവിച്ചിട്ടുണ്ട്). അടയ്ക്കേണ്ട ഫീസ് ഉൾപ്പെടെ കണക്കാക്കി തുടർനടപടികൾക്കായി സമർപ്പിച്ച റിപ്പോർട്ടിൽ താൻ പെർമിറ്റിന് ശിപാർശ ചെയ്തിട്ടില്ല എന്ന കുറ്റാരോപിതന്റെ വാദം നിലനിൽക്കില്ല. ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിച്ചത് എന്ന് കരുതുവാൻ കഴിയുന്നില്ല എന്ന ഔപചാരിക അന്വേഷണോദ്യോഗസ്ഥയുടെ കണ്ടെത്തലും സ്വീകാര്യമല്ല. കാരണം "ഓവർസിയറുടെ റിപ്പോർട്ടിന്റേയും കൂടി അടിസ്ഥാനത്തിലും ഹൈക്കോടതി വിധിയുടെ വെളിച്ചത്തിലും existing ground reality പരിഗണിച്ചുമാണ് പെർമിറ്റ് അനുവദിക്കുന്നതെന്ന്" പഞ്ചായത്ത് സെക്രട്ടറി തന്നെ ഫയലിൽ കുറിച്ചിട്ടുണ്ട്.

ii. ഈ പെർമിറ്റ് പിന്നീട് റദ്ദ് ചെയ്തതിനെതിരെ സ്ഥലമുടമ ശ്രീ.എം.എം. സുരേഷ് ബാബു തദ്ദേശ സ്വയംഭരണ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത അപ്പീലിൽ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലത്തിൽ "The permit dated 30.12.2013 was issued in favour of the appellant based on the report of the overseer that the plot is a paramb" എന്ന് പറഞ്ഞിട്ടുള്ളത് ടി അപ്പീൽ അനുവദിച്ച് കൊണ്ടുള്ള വിധിന്യായത്തിൽ പരാമർശിക്കുന്നുണ്ട്. (അപ്പീൽ അനുവദിച്ച് ട്രൈബ്യൂണൽ ഉത്തരവായത് ടി സ്ഥലം കര ആയത് കൊണ്ടല്ല, മറിച്ച് സമാന സ്വഭാവമുള്ള Jalaja Dileep കേസിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ്.)

iii. മേൽവിവരിച്ച കാര്യങ്ങളിൽ നിന്നും, റവന്യു രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനുള്ള അപേക്ഷയിൽ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ടി സ്ഥലം 'നിലം' ആണെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രമുണ്ട് എന്നറിഞ്ഞിട്ടും, പഞ്ചായത്ത് സെക്രട്ടറിയുടെ വാക്കാലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും, തന്റെ അധികാരപരിധികടന്ന്, സ്ഥലം കരയാണെന്ന് സമർത്ഥിക്കുന്നതരത്തിൽ റിപ്പോർട്ട് ചെയ്തത് ഒളവണ്ണ ഗ്രാമപഞ്ചായത്ത് മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.ടി.പി.മനോജ് കുമാറിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് ബോദ്ധ്യമാവുന്നുണ്ട്. പിന്നീട് ടി പെർമിറ്റ് റദ്ദ് ചെയ്യപ്പെടുകയും അതിനെതിരെ പെർമിറ്റ് ഉടമ സമർപ്പിച്ച അപ്പീൽ ത.സ്വ.ഭ. ട്രൈബ്യൂണൽ അനുവദിക്കുകയും ചെയ്തുവെങ്കിലും ഓവർസിയർ ശ്രീ. മനോജ് കുമാറിന്റെ ഭാഗത്ത് ഇക്കാര്യത്തിലുണ്ടായ വീഴ്ച് കുറച്ച് കാണുവാൻ കഴിയില്ല.

7. തുടർന്ന്, വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണപത്രിക, പ്രതിവാദപത്രിക, ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ട്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിങ് വേളയിലെ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ, ഓവർസിയർ ശ്രീ. ടി.പി.മാനോജ് കുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിനായി താൽക്കാലിക തീരുമാനം കൈക്കൊള്ളുകയും അപ്രകാരം പരാമർശം (9) കാരണം കാണിക്കൽ നോട്ടീസ് നല്കുകയുമുണ്ടായി. പരാമർശം (10) പ്രകാരം സമർപ്പിച്ച മറുപടിയിൽ, പ്രതിവാദപത്രികയിലെ വാദങ്ങൾ തന്നെയാണ് കുറ്റാരോപിതൻ ആവർത്തിച്ചിട്ടുള്ളത്.

കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കേണ്ടത്, വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമല്ലെന്നും മറിച്ച് സ്ഥലപരിശോധന റിപ്പോർട്ടിന്റെ (ground reality) അടിസ്ഥാനത്തിലും കൂടിയാണ് എന്നുമുള്ള വസ്തുത ഈ ഫയലിലെ ബഹു. തിരുവനന്തപുരം ത.സ്വ.ഭ.വ. ട്രിബ്യൂണലിന്റെ അപ്പീൽ 1229/18 കേസിലെ ഉത്തരവു കൊണ്ടും ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 2015(1)KLT984SC ബഹു.സുപ്രീംകോടതി വിധി കൊണ്ടും വ്യക്തമാണെന്നും ടി കോടതി വിധികളുടെ താൽപ്പര്യാർത്ഥമുള്ള സ്ഥലപരിശോധനാ റിപ്പോർട്ട് മാത്രമാണ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ഓവർസിയർ എന്ന നിലക്ക് ഫയലിൽ സമർപ്പിച്ചിട്ടുള്ളതെന്നും സ്ഥലപരിശോധനാ റിപ്പോർട്ട് സമർപ്പിക്കാതെ വില്ലേജ്ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് മാത്രം അടിസ്ഥാനമാക്കി കെട്ടിട നിർമ്മാണ അപേക്ഷ തള്ളാൻ ശിപാർശ ചെയ്തില്ല എന്നത് തന്റെ ഭാഗത്തെ വീഴ്ചയല്ലെന്നും അപ്രകാരം ശിപാർശ ചെയ്യുന്നത് നിയമതാൽപ്പര്യത്തിന് വിരുദ്ധമാണ് എന്നത് ഫയലിലെ കോടതിവിധി കൊണ്ട് വ്യക്തമാണെന്നും ടിയാൻ ബോധിപ്പിക്കുന്നു. ഫയലിൽ ഉത്തരവ് പാസാക്കാനോ തീരുമാനം എടുക്കാനോ അധികാരമില്ലാത്ത, റിപ്പോർട്ട് നൽകാൻ മാത്രം ചുമതലപ്പെടുത്തിയിരുന്ന ഗ്രേഡ്-3 ഓവർസിയർ മാത്രമാണെന്നും തന്റെ സ്ഥലപരിശോധന റിപ്പോർട്ട് നോട്ടീസിൽ പരാമർശിക്കുന്ന പ്രകാരം തന്റെ ചുമതലയുടെ പരിധിയിൽ വരാത്ത കാര്യത്തിലെ റിപ്പോർട്ടായിരുന്നുവെങ്കിൽ തന്നെ ആയത് അവഗണിച്ചുകൊണ്ടും ഫയലിലെ വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ചു കൊണ്ടും ഫയലിൽ തീരുമാനമെടുക്കാൻ അധികാരമുള്ള മേലുദ്യോഗസ്ഥർക്ക് പെർമിറ്റ് അപേക്ഷ നിരസിക്കാൻ അധികാരമുണ്ടായിരുന്നതാണെന്നും ടിയാൻ ബോധിപ്പിക്കുന്നു. സ്ഥലപരിശോധനയിൽ 45 വർഷം പഴക്കമുള്ള തെങ്ങുകൾ സ്ഥലത്ത് ഉണ്ടായിരുന്നതുകൊണ്ടും അതേ സർവ്വേയിൽ ചുറ്റുപാടും പഞ്ചായത്ത് തന്നെ അനുമതി നൽകിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നതുകൊണ്ടും സ്ഥലം സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ഫയലിൽ മേലുദ്യോഗസ്ഥൻ പെർമിറ്റ് നൽകിയതിനുശേഷം ഫയലിൽ സ്ഥലപരിശോധന റിപ്പോർട്ട് നൽകി എന്ന കാരണത്താൽ തന്റെ പേരിൽ മാത്രം ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് ടി കോടതി വിധികളുടെ ലംഘനവും നിലനിൽക്കാത്തതുമാണെന്നും ആയത് കൊണ്ട് തന്നെ കേസ് നടപടികൾ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായി എന്ന പരാമർശവും നിലനിൽക്കുന്നതല്ലെന്നും ടിയാൻ ബോധിപ്പിക്കുന്നു.

8. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (11) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, പ്രസ്തുത ഫയലിലെ LSGD ട്രിബ്യൂണൽ അപ്പീൽ 1229/16 കേസിലെ ഉത്തരവും 2015(1)KLT 984SC ബഹു.സുപ്രീം കോടതി എന്നീ വിധികളുടെ താൽപര്യാർത്ഥമുള്ള സ്ഥലപരിശോധനാ റിപ്പോർട്ട് മാത്രമാണ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ഓവർസിയർ എന്ന നിലയിൽ ശ്രീ.ടി.പി.മനോജ് കുമാർ റിപ്പോർട്ട് ചെയ്തത് എന്ന ടിയാന്റെ വാദം ശരിയല്ലെന്നും മേൽ അപ്പീൽ, ഇതേ കെട്ടിടത്തിന്റെ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് നൽകിയ നോട്ടീസിനെതിരെ ടി കെട്ടിടത്തിന്റെ ഉടമ ട്രൈബ്യൂണലിൽ ഫയൽ ചെയ്തതാണെന്നും കൂടാതെ പ്രസ്തുത അപ്പീലിലെ ഉത്തരവിൽ പരാമർശിച്ച ബഹു. സുപ്രീംകോടതി വിധിയും ടിയാൻ സ്ഥലപരിശോധന റിപ്പോർട്ട്

നൽകിയതിനെ സാധൂകരിക്കുന്നതായി കാണുന്നില്ലെന്നും പ്രസ്തുത കോടതിവിധി അംഗീകാരമുള്ള പെർമിറ്റ്പ്രകാരം നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ പൊളിച്ചുകളയുന്നത് സംബന്ധിച്ചാണെന്നും ഫയൽ പരിശോധിച്ചതിൽ Ground Reality റിപ്പോർട്ട് ചെയ്യുന്നതിന് ഓവർസിയർക്ക് രേഖാമൂലം നിർദ്ദേശം നൽകിയതായി കാണുന്നില്ലെന്നും Kerala Panchayath Building Rules (KPBR) പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് മാത്രമേ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ചുമതലയുള്ളുവെന്നും സെക്രട്ടറിയുടെ രേഖാമൂലമുള്ള നിർദ്ദേശം ഇല്ലാതെ സ്ഥലപരിശോധന റിപ്പോർട്ട് നൽകിയതും ശരിയായ നടപടിയല്ലെന്നും അറിയിച്ചിരിക്കുന്നു. സെക്രട്ടറി നൽകിയ വാക്കാലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽതന്നെയും, തന്റെ അധികാരപരിധി കടന്ന് സ്ഥലം കരയാണ് എന്ന് സമർത്ഥിക്കുന്നതരത്തിൽ റിപ്പോർട്ട് ചെയ്തതും KPBR പ്രകാരമുള്ള ഫീസ് നിർണ്ണയിച്ച് നൽകിയതിലും ഓവർസിയർ ശ്രീ.ടി.പി.മനോജ്കുമാറിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. തുടർന്ന്, ഈ വിഷയത്തിൽ കൈക്കൊണ്ട താൽക്കാലിക തീരുമാനത്തോട് പരാമർശം (12) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

**10.** മേൽസാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ചാത്തോത്തുമുക്ക് എന്ന സ്ഥലത്ത് തണ്ണീർത്തടം മണ്ണിട്ടുനികത്തി അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഓവർസിയർ ശ്രീ. ടി.പി. മനോജ്കുമാറിനെതിരെ (PEN-672435) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം തുടർന്നുവരുന്ന അച്ചടക്കനടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (vA) പ്രകാരം ടിയാളുടെ വാർഷിക വേതനവർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ. ടി.പി. മനോജ്കുമാർ (PEN-672435), ഓവർസിയർ ഗ്രേഡ്-III, ചെറുവണ്ണൂർ- നല്ലളം മേഖലാ ഓഫീസ്, കോഴിക്കോട് കോർപറേഷൻ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഉത്തരവു പ്രകാരമുള്ള നടപടി സ്വീകരിയ്ക്കുവാനായി)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി.) വകുപ്പ്
6. വിജിലൻസ്(ഡി)വകുപ്പ്
7. ഡയറക്ടർ, വിജിലൻസ്& ആന്റി കറപ്ഷൻ ബ്യറോ, തിരുവനന്തപുരം

8. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EW2/6/2018-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 29-09-2025 10:51:19
സെക്ഷൻ ഓഫീസർ